**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 971** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൊതുസമൂഹത്തിന് വന്യജീവി പരിരക്ഷയിൽ താല്പര്യം ഉണ്ടാകുവാൻ വനം വകുപ്പ് നടത്തുന്ന ബോധവത്ക്കരണ പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇത്തരം ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിന്റെ ഫലമായി ശ്രദ്ധേയമായ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | വനം പരിസ്ഥിതി സംരക്ഷണത്തിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പങ്കാളികളാക്കുന്നതിനും വനം വകുപ്പ് നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് പ്രകൃതി പഠന ക്യാമ്പുകൾ. സ്കൂൾതലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികൾക്കായാണ് പ്രധാനമായും ക്യാമ്പുകൾ സംഘടിപ്പിക്കാറുള്ളത്. ഇതോടൊപ്പം മാധ്യമപ്രവർത്തകർ അധ്യാപകർ വിവിധ യുവജന സംഘടനകൾ എന്നിവർക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ക്യാമ്പുകൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി വനസംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഉള്ള ക്ലാസ്സുകളും ചെറിയ ട്രക്കിങ്ങുകളും ഉൾപ്പെടുത്തി വരുന്നു.<br><br>ഇതുകൂടാതെ എല്ലാവർഷവും ഒക്ടോബർ 2 മുതൽ ഒക്ടോബർ 8 വരെ വന്യജീവിവാരാഘോഷം സംഘടിപ്പിച്ച് വരുന്നു. ഇതിൽ സ്കൂൾതലം മുതൽ കോളേജ് തലം വരെയുള്ള കുട്ടികൾക്കായി പരിസ്ഥിതി, വനം - വന്യജീവി എന്നിവയെ സംബന്ധിച്ച ക്വിസ്, ചിത്രരചന, ഉപന്യാസ രചന മുതലായ മത്സരങ്ങളും പൊതുജനങ്ങൾക്കായി പോസ്റ്റർ രചന, യാത്രാവിവരണം, ഫോട്ടോഗ്രാഫി മത്സരം, ഹസ്വചിത്ര മത്സരം മുതലായവയും സംഘടിപ്പിച്ചു വരുന്നു. ഇതിൽ വിജയികളാകുന്നവർക്ക് ഒരു വർഷത്തേക്ക് സംസ്ഥാന വനം വകുപ്പിന് കീഴിലെ വന്യജീവി സങ്കേതങ്ങളിൽ സൗജന്യ പ്രവേശനം നൽകിവരുന്നു. ഇതോടൊപ്പം സംസ്ഥാനമൊട്ടാകെ സൈക്കിൾ റാലികൾ, വൃക്ഷത്തൈ നടീൽ, പ്ലാസ്റ്റിക് നിർമാർജന പ്രവർത്തനങ്ങൾ മുതലായവ സംഘടിപ്പിക്കാറുണ്ട്. എല്ലാവരിലും വനം വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം എത്തിക്കുന്നതിലേക്കായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ സർക്കാർ സ്ഥാപനങ്ങളിലും |

| | | | |
|---|---|---|---|
| | | | വന്യജീവി വാരാഘോഷം സംബന്ധിച്ച പ്രതിജ്ഞ സംഘടിപ്പിച്ചു വരുന്നു.<br><br>തദ്ദേശീയരായ വനാശ്രിത സമൂഹത്തെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികൾ മുഖേന നടപ്പിലാക്കിവരുന്ന ഇക്കോ ടൂറിസം പദ്ധതികൾ പൊതുജനങ്ങൾക്ക് പരിസ്ഥിതി ,വനം- വന്യജീവി സംരക്ഷണം എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള മികച്ച അവസരം പ്രദാനം ചെയ്യുന്നുണ്ട്. ട്രക്കിംഗ്, സഫാരി ഉൾപ്പെടെ ഇക്കോ ടൂറിസത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഗൈഡുകൾ ആയി വനത്തെയും വന്യജീവികളെയും അടുത്തറിയാവുന്ന ടി വനാശ്രിതരായ ആളുകളെയാണ് നിയോഗിച്ചുവരുന്നത്. അതിലൂടെ സന്ദർശകർക്ക് സസ്യ -ജന്തു ജാലങ്ങളെക്കുറിച്ചും, അവയുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ചുമുള്ള അറിവുകൾ പകർന്നു നൽകുന്നതിന് സാധിക്കുന്നുണ്ട്.<br><br>വനവും, പരിസ്ഥിതിയുമായും ബന്ധപ്പെട്ടുള്ള ദേശീയ, അന്തർദേശീയ ദിനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കികൊണ്ടുള്ള വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെയും, വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ഫോറസ്ട്രി ക്ലബ്ബ്കളുടെ പ്രവർത്തനങ്ങളും, ആരണ്യം എന്ന വനം വകുപ്പിന്റെ ഔദ്യോഗിക മാസികയും വനം പരിസ്ഥിതി -വന്യജീവി സംരക്ഷണം സംബന്ധിച്ച അവബോധവും അറിവുകളും സമൂഹത്തിലേക്കെത്തിക്കാൻ സഹായകരമാകുന്നുണ്ട്.<br><br>സമൂഹ മാധ്യമങ്ങളായ യൂട്യൂബ്, ഫേസ്ബുക് മുതലായവയിലൂടെ വനം വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലേക്ക് എത്തിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്തുവരുന്നു<br><br>ഇത്തരത്തിലുള്ള വിവിധ പരിപാടികളിലൂടെ സമൂഹത്തിലെ വിവിധ തട്ടുകളിലെ ജനങ്ങൾക്ക് പ്രത്യേകിച്ചും വിദ്യാർത്ഥികൾക്കും, യുവജനങ്ങൾക്കും വനം - വന്യജീവി, പരിസ്ഥിതി എന്നിവയെ സംബന്ധിച്ച അറിവുകൾ നേരിട്ടും അല്ലാതെയും പകർന്ന് നൽകാൻ സാധിക്കുന്നത് വഴി വനം - വന്യജീവി, പരിസ്ഥിതി സംരക്ഷണത്തോട് അനുകൂലമായ മനോഭാവം വളർന്നു വരുന്നതായി കാണുന്നു. |

സെക്ഷൻ ഓഫീസർ